# പതിമൂന്നാം കേരള നിയമസഭ

# പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **07-01-2014-ൽ മറുപടിക്ക്.**

**ചോദ്യം നമ്പർ : 650**

## കുറ്റ്യാടി നാളികേര പാർക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ.കെ.ലതിക | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) കെ.എസ്.ഐ.ഡി.സി.യുടെ ആഭി മുഖ്യത്തിൽ കുറ്റ്യാടിയിൽ ആരംഭിക്കാനിരിക്കുന്ന നാളികേര പാർക്കിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ; | (എ) നാളികേര പാർക്ക് സ്ഥാപിക്കുന്നതിനു വേണ്ടി കെ.എസ്.ഐ.ഡി.സി. കുറ്റ്യാടി ക്കടുത്ത് വേളം വില്ലേജിൽ 115 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ഇതിനുവേണ്ടി കെ.എസ്.ഐ.ഡി.സി. കൺസൾട്ടിനെ നിയമിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. കെ.എസ്.ഇ.ബി.യുമായി ചേർന്ന് ഒരു ഡെഡിക്കേറ്റഡ് 11 കെ.വി. ഫീഡർ നാളികേര പാർക്കിലേക്ക് കൊണ്ടുവരുന്നതിന് വേണ്ടിയുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. നാളികേര പാർക്കിലേക്ക് വ്യവസായികളെ ആകർഷിക്കുന്നതിന് വേണ്ടി കോക്കനട്ട് ഡവലപ്മെന്റ് ബോർഡുമായി ചേർന്ന് കെ.എസ്.ഐ.ഡി.സി. കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ വ്യവസായികളുടെ സംഗമം സംഘടിപ്പിക്കുകയും വ്യവസായികളുടെ അഭിപ്രായങ്ങൾ സ്വരൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രോജക്ടിനായി ഭൂമിയുടെ വിലയായി ജില്ലാ കളക്ടറുടെ നിർദ്ദേശ പ്രകാരം 14.73 കോടി രൂപ കെ.എസ്.ഐ.ഡി.സി. നൽകിയിട്ടുണ്ട്. സ്വകാര്യ വ്യക്തിയുടെ കൈയ്യിൽ നിന്നും ഏറ്റെടുത്തിട്ടുള്ള ഈ ഭൂമി പോക്ക്വരവ് ചെയ്ത് ലഭിയ്ക്കുന്നതിലേക്കായുള്ള നടപടികൾ നടന്നു വരുന്നു. |
| (ബി) പ്രസ്തുത നാളികേര പാർക്ക് എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന കാര്യം വ്യക്തമാക്കുമോ? | (ബി) ഭൂമിയുടെ പോക്കുവരവ് പൂർത്തിയാകാത്തതിനാൽ അത്യാവശ്യ അടിസ്ഥാന സൗകര്യ വികസനം സാധ്യമായിട്ടില്ല. ഭൂമി ലഭ്യമായതിനു ശേഷം ഒരു വർഷത്തിനുള്ളിൽ പദ്ധതി ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ